(ബി) കേസ് പിൻവലിക്കാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ട പോകുമ്പോൾ പോലീസ് എന്ത് അന്വേഷണമാണ് നടത്തുകയെന്നും, ഇത്തരമൊരു കേസ് പോലീസ് വീണ്ടും വീണ്ടും, അന്വേഷിക്കുന്നതുകൊണ്ട് ഫലമില്ലെന്നും കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

(സി) കേസ് പിൻവലിക്കാനുള്ള തീരുമാനമെടുത്ത മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പങ്കെടുത്തിട്ടുണ്ടെങ്കിൽ അത് ശരിയല്ലെന്നും, മുഖ്യമന്ത്രിയുടെ താത്പര്യം സംരക്ഷിക്കാനാണോ കേസ് പിൻവലിക്കുന്നതെന്നും കോടതി ആരാഞ്ഞുവോ ; എങ്കിൽ ഇത് സംബന്ധിച്ച അഭിപ്രായം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബാർകോഴ വിവാദം സംബന്ധിച്ച അന്വേഷണം

281 (283) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് നേരിട്ട് ലഭിച്ച പരാതികളും പത്ര-ദൃശ്യ മാധ്യമവാർത്തകളും എത്ര ; പ്രധാനമായും ഏതൊക്കെ ;

(ബി) അന്വേഷണ സംഘം ഏതെല്ലാം പരാതികളും വെളിപ്പെടുത്തലുകളും അന്വേഷണ വിധേയമാക്കുകയുണ്ടായി ;

(സി) ആരുടെയെല്ലാം വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; കോഴ വാങ്ങിയതായി ആരോപിക്കപ്പെട്ട ഏതെല്ലാം മന്ത്രിമാരെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഡി) അടച്ചുപൂട്ടപ്പെട്ട എത്ര ബാറുകളുടെ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി; കോഴ നൽകാൻ പണം നൽകിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ബാറുടമകളെ ചോദ്യം ചെയ്തു എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർ കോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് 3 പരാതികൾ കിട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - ബഹു. പ്രതിപക്ഷ നേതാവ്.
2. ശ്രീ. പി. കെ. രാജു, പട്ടം മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.
3. ശ്രീ. മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി.

(ബി) പ്രസ്തുത പരാതികൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി.

1. ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി.
2. ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജ്.

(ഡി) അന്വേഷണ സംഘം 22 ബാർ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി. ചോദ്യം ചെയ്ത ബാർ ഉടമകൾ കോഴ നൽകാൻ പണം നൽകിയതായി പറഞ്ഞിട്ടില്ല. അപ്രകാരം പണം നൽകിയതായി വെളിവാക്കപ്പെട്ട ആരും അന്വേഷണ സംഘത്തിന് മുമ്പാകെ ഹാജരാകാൻ കൂട്ടാക്കിയിട്ടില്ല. പണം നൽകിയതായി പറയുന്നവർ ബാർ അസോസിയേഷനുള്ള കേസുകളുടെ നടത്തിപ്പിനായി ആണ് പണം നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്.

വിജിലൻസ് റെയ്ഡ്

282 (284) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഉന്നതോദ്യോഗസ്ഥരുടെ വീടുകളിലാണ് 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തിയത് ; എത്ര ഉദ്യോഗസ്ഥരാണ് കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി കണ്ടെത്തിയത്; ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ ഷാനവാസ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ എമർജിംഗ് ഇന്ത്യാ ലിമിറ്റഡ്, ശ്രീ. പി. കെ. ഷാജി,

LIBRARY ARCHIVES Kerala Legislative Assembly